**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2571** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സമ്പദ് വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; അടുത്ത വർഷങ്ങളിലും വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ 5.25 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നുള്ള വരുമാനത്തിൽ 43.72 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഇതേ കാലയളവിൽ 13.50 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

**(തുക കോടിയിൽ)**

| ഇനം | ആദ്യ പാദം (2022 ജൂലൈ വരെ) | ആദ്യ പാദം (2023 ജൂലൈ വരെ) | വർദ്ധനവിന്റെ ശതമാനം |
|---|---|---|---|
| സംസ്ഥാനത്തിന്റെ തനത് വരുമാനം | 25779.07 | 27132.17 | 5.25 |
| കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ വരുമാനം | 15996.89 | 9002.83 | -(43.72) |
| ആകെ റവന്യൂ വരുമാനം | 41775.96 | 36135.00 | -(13.50) |

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുത്ത വായ്പകൾ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി കണക്കിലെടുത്തും, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും, റവന്യൂ കമ്മി ഗ്രാന്റ് ഓരോ വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും സംസ്ഥാനത്തിന്റെ

തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര മുൻ തൂക്കം നൽകാനുള്ള ഊർജ്ജിത ശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ കമ്മി ഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം എന്നിവ നിഷേധിച്ചതും സംസ്ഥാനത്തിന്റെ വായ്പ പരിധി വെട്ടിക്കുറച്ചതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ ഏതെല്ലാം രീതിയിൽ ബാധിക്കും; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ 5.25 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നുള്ള വരുമാനത്തിൽ 43.72 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഇതേ കാലയളവിൽ 13.50 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

**(തുക കോടിയിൽ)**

| ഇനം | ആദ്യ പാദം (2022 ജൂലൈ വരെ) | ആദ്യ പാദം (2023 ജൂലൈ വരെ) | വർദ്ധനവിന്റെ ശതമാനം |
|---|---|---|---|
| സംസ്ഥാനത്തിന്റെ തനത് വരുമാനം | 25779.07 | 27132.17 | 5.25 |
| കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ വരുമാനം | 15996.89 | 9002.83 | -(43.72) |
| ആകെ റവന്യൂ വരുമാനം | 41775.96 | 36135.00 | -(13.50) |

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങളാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുത്ത വായ്പകൾ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി കണക്കിലെടുത്തും, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനു പുറമേ ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസം മുതൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറവ് വന്നതും, റവന്യൂ കമ്മി ഗ്രാന്റ് ഓരോ വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര മുൻ തൂക്കം നൽകാനുള്ള ഊർജ്ജിത ശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

സെക്ഷൻ ഓഫീസർ